(ഐ) അതെ.

(ജെ) അല്ല.

കേരള ഫോറസ്ട്രി പ്രോജക്ട്

18 (*78) ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോറസ്റ്ററി പ്രോജക്ട്-ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഫോറസ്റ്ററി പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ കാടുകളുടെ ജൈവസ്വഭാവം നഷ്ടപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശോഷിതവനങ്ങളുടെ ഉദ്ധാരണത്തിന്റെ പേരിൽ നിബിഡ വനങ്ങളിലെ അടിക്കാടുകളും ചെറുമരങ്ങളും ഔഷധചെടികളും വെട്ടിനശിപ്പിക്കുന്നത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിലുള്ള കാടുകളുടെ ജൈവസ്വഭാവം നിലനിർത്തിക്കൊണ്ട് കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതിയ്ക്ക് രൂപം നൽകുമോ;

(ഇ) ഫോറസ്റ്ററി പദ്ധതിയുടെ കാര്യമായ നടത്തിപ്പിനുവേണ്ടി പരിസ്ഥിതി പ്രവർത്തകരും വനശാസ്ത്രജ്ഞന്മാരും ഉൾക്കൊള്ളുന്ന വിദഗ്ധസമിതി രൂപീകരിക്കുമോ;

(എഫ്) വനങ്ങളിൽനിന്നും കൂടുതൽ ആദായം ലഭിക്കുന്നതിന് സഹായകമായ രീതിയിൽ നിലവിലുള്ള ഫോറസ്റ്ററി പ്രോജക്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) കേരള ഫോറസ്ട്രി പദ്ധതിയിലെ മുഖ്യധാര പ്രവർത്തനങ്ങളെല്ലാംതന്നെ വനം വകുപ്പിൽ കാലാകാലങ്ങളായി നിലവിലുള്ള ഡിപ്പാർട്ടുമെന്റ് നടപടി ക്രമങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് നടപ്പിലാക്കിവരുന്നത്. പദ്ധതിയിലാവിഷ്കരിച്ചിരിക്കുന്ന നൂതന പരിപാടികൾ പ്രാവർത്തികമാക്കുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഉദ്യോഗസ്ഥരെ സജ്ജരാക്കുന്നതിനായി പരിശീലനങ്ങൾ, ശിൽപ്പശാലകൾ, പഠനയാത്രകൾ എന്നിവയും നടപ്പിലാക്കുന്നുണ്ട്.

(ബി) ഇല്ല

(സി) ശോഷിത വനങ്ങളിൽ മരംവച്ചു പിടിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുമരങ്ങളും ഔഷധചെടികളും നിലനിർത്തിക്കൊണ്ടുതന്നെ അവയ്ക്കു ദോഷമായി വരുന്ന കളകൾ മാത്രമാണ് നീക്കം ചെയ്യാറുള്ളത്.

(ഡി) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന കേരള ഫോറസ്ട്രി പ്രോജക്ടിൽ നിലവിലുള്ള വനങ്ങളുടെ ജൈവസ്വഭാവം നില

LIBRARY ARCHIVES Kerala Legislative Assembly

നിർത്തിക്കൊണ്ട് കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനാണ് ഊന്നൽ നൽകിയിരിക്കുന്നത്.

(ഇ) കേരള ഫോറസ്ട്രി പ്രോജക്ടിലെ ജനപങ്കാളിത്തത്തോടുകൂടിയുള്ള വനപരിപാലനം ഇക്കോ ഡവലപ്പ്മെന്റ് പ്രോഗ്രാം എന്നിവയിൽ പരിസ്ഥിതി പ്രവർത്തകരും, വനം വകുപ്പിലെ ഉദ്യോഗസ്ഥന്മാരും, പ്രാദേശിക ജനപ്രതിനിധികളും, ഗ്രാമപഞ്ചായത്ത് പ്രതിനിധികളും ഉൾപ്പെടുന്ന വനസംരക്ഷണ സമിതികൾ, ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ എന്നിവ മുഖാന്തിരമാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി ലോകബാങ്കുമായുള്ള കരാർപ്രകാരം സർക്കാർ തലത്തിലും, വകുപ്പു തലത്തിലും കമ്മിറ്റികൾ രൂപീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

(എഫ്) വനത്തിൽ നിന്നും കൂടുതൽ ആദായം ലഭിക്കത്തക്കവിധത്തിൽ 5500 ഹെക്ടർ സ്ഥലത്ത് പൾപ്പ് വുഡ് വൃക്ഷതോട്ടങ്ങൾ, തേക്ക് തോട്ടങ്ങൾ എന്നിവ വച്ചുപിടിപ്പിക്കുന്നതിന് നിലവിലുള്ള ഫോറസ്ട്രി പ്രോജക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

നെൽക്കൃഷിക്കാർക്കുള്ള സാമ്പത്തിക സഹായം

19 (*79) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. രാജു:
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. യു.എസ്. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽക്കൃഷി വികസനത്തിനായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) നെൽക്കൃഷിക്കാർക്ക് ഇപ്പോൾ നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ എന്തെല്ലാം;

(സി) നിലവിലുള്ള ആനുകൂല്യങ്ങളിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അതിലേക്കായി സർക്കാർ തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ വിശദ വിവരം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) പ്രധാന നെല്ലുൽപ്പാദന മേഖലകൾ കേന്ദ്രീകരിച്ച് രൂപീകൃതമായ 11 നെൽക്കൃഷി വികസന ഏജൻസികളിലൂടെ അടിസ്ഥാന സൗകര്യവികസനത്തിനും ഉൽപ്പാദനോപാധികൾ വിതരണം ചെയ്യുന്നതിനും ധനസഹായം നൽകിവരുന്നുണ്ട്. തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനായി യന്ത്രവൽക്കരണം നടപ്പിലാക്കിവരുന്നുണ്ട്. ഗ്രൂപ്പ് അടിസ്ഥാനമാക്കിയുള്ള കൃഷി സമ്പ്രദായങ്ങളുടെ സചേതനമായ പരിപോഷണം എന്ന പദ്ധതിയിൻകീഴിൽ പാടശേഖരങ്ങൾക്കും ധനസഹായം നൽകിവരുന്നുണ്ട്. നെൽക്കൃഷി ലാഭകരമാക്കുന്നതിന്റെ ഭാഗമായി നെല്ലുസംഭരണ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കീടരോഗ നിയന്ത്രണത്തിനും, യഥാസമയം ഗുണമേന്മയുള്ള വിത്തിന

LIBRARY ARCHIVES Kerala Legislative Assembly